# സ്കൂൾ വിവരങ്ങൾ

1. റവന്യു ജില്ല : തൃശ്ശൂർ

2. സ്കൂൾ കോഡ് : 23504

3. സ്കൂളിന്റെ പേര് : എൽ. എഫ് .എൽ പി .എസ് കുമ്പിടി

4. മേൽവിലാസം : പൂവ്വത്തുശ്ശേരി പി.ഒ , തൃശ്ശൂർ ജില്ല

5. പിൻകോഡ് : 680741

6. ഫോൺ നമ്പർ : 0480-2770020

7. ഇ -മെയിൽ അഡ്രസ് : littleflowerkumbidy@gmail.com

8. ഗ്രാമപഞ്ചായത്ത് : അന്നമനട

9. വിദ്യാഭ്യാസ ജില്ല : ഇരിഞ്ഞാലക്കുട

10.സബ്ജില്ല : മാള

11. ക്ലാസുകൾ : 1 മുതൽ 4 വരെ

12.മാനേജ്മന്റ് : എയ്ഡഡ്

13.പഠനമാധ്യമം : ഇംഗ്ലീഷ്

## ആമുഖം

കേവലം പാഠങ്ങൾ പഠിക്കുന്ന ഇടം മാത്രമല്ല വിദ്യാലയം . ഒരു കുട്ടിയുടെ ജീവിത വളർച്ചയുടെ അവിഭാജ്യമായ ഭാഗവും സമൂഹത്തിന്റെ ചെറുപതിപ്പുമാണ്. വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറണം.എങ്കിലേ മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാക്കു .അവസരതുല്യത സാമൂഹ്യ നീതി ,ഗുണത എന്നിവ ഉറപ്പാക്കുന്ന പഠന പരിസരവും `പഠനാന്തരീക്ഷവും ഓരോ വിദ്യാലയങ്ങളിലുമുണ്ടാകണം.ചെറുതും വലുതുമായ ഒട്ടേറെ പ്രവർത്തനങ്ങളിലൂടെ ഓരോ വിദ്യാലയവും മുന്നേറുകയാണ് .വിദ്യാലയ അന്തരീക്ഷം അക്കാദമിക ഉണർവിന്റെ തെളിവുകളാൽ സമൃദ്ധമാകാൻ തുടങ്ങുകയാണ്. പൊതു സമൂഹത്തിനും ഇക്കാര്യത്തിൽ വളരെ നിർണായകമായ പങ്കു വഹിക്കാനാകും.

വൈവിധ്യമാർന്നതും തനിമയുള്ളതുമായ അന്വേഷണങ്ങളിലൂടെ ഇടപെടലുകളിലൂടെ നമുക്ക് പൊതുവിദ്യാഭാസത്തെ ശക്തമാക്കാം.അതിനായി വ്യക്തതയും കൃത്യതയുമാർന്ന ഒരു അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ വിദ്യാലയത്തെ കുറിച്ച് കൃത്യമായ ധാരണ പൊതു സമൂഹത്തിനും രക്ഷിതാക്കൾക്കും ലഭിക്കുന്നു.സമൂഹത്തെ മുന്നോട്ട്  നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭാസത്തിന്റെ ആത്യന്തിക ലക്ഷ്യം .വ്യകതികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വക്കുന്നത് .എല്ലാവർക്കും ആ ജീവനന്ത പഠനവസരങ്ങൾ പ്രോത്സാഹിപ്പിക്കണം എന്നാണ് ഇതിന്റെ ദൗത്യം .സംസ്ഥാനത്തു നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യെന്ജ്ഞം വിദ്യാഭ്യാസ രംഗത്തു അത്ഭുത പൂവ്വമായ ഉണർവ് സൃഷ്ടിച്ചു .ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതിക രംഗത്തും അക്കാദിമിക രംഗത്തും ഏറെ നേട്ടങ്ങൾ  കൈവരിച്ചു .

ലോകത്തിനാകമാനം കേരളം മാതൃകയാണെന്നും അഭിമാനം കൊള്ളുമ്പോഴും വിദ്യാഭ്യാസ രംഗത്തു നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർത്ഥിക്കും ദേശ ഭാഷ വർഗ വർണ ലിംഗ ഭേദമന്യ  ലഭ്യമാക്കുക  എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കണം വിദ്യാർത്ഥിയുടെ അവകാശമായ

ഗുണമേൻന്മയുള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്. ലക്ഷ്യം നിറവേറ്റുന്നത്തിനു നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കാൻ വിദ്യാലയ സമൂഹവും അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശ സ്വയ ഭരണ സ്ഥാപനങ്ങളും കൂട്ടായി യെത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഓരോ വർഷവും നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തി അവയെ സമയബന്ധിതമായി നടപ്പാക്കാൻ കലണ്ടറും തയ്യാറാക്കണം.

## ദർശനം

കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രേയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമാവുന്നു

## ലക്ഷ്യങ്ങൾ

1. ഒരു വിദ്യാലയത്തിന്റെ മികവ് ആ വിദ്യാലയത്തിലെ പഠിതാക്കൾക്കും , ആ പ്രദേശത്തെ സമൂഹത്തിനു തന്നെയും ഒരു മുതൽക്കൂട്ടാണ്. അതിനാൽ വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറണം.

2. പിന്നോക്കം നിൽക്കുന്നവർ, പാർശ്വവൽക്കരിക്കപ്പെട്ടവർ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ എന്നിവരുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

3. പാഠ - പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.

4. പ്ലാസ്റ്റിക് വിമുക്ത കാമ്പസ് , ലഹരി വിരുദ്ധ മനോഭാവം വളർത്തൽ , കാർഷിക സംസ്ക്കാരം വളർത്തിയെടുക്കൽ, ജൈവ വൈവിധ്യ ഉദ്യാനം ഇവയെല്ലാം യാഥാർത്ഥ്യമാക്കൽ.

5. കുട്ടികളുടെ സർഗ്ഗപരമായ കഴിവുകളും മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

6. ലൈബ്രറി, Computer Lab, എന്നിവ എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരാമവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

7 ഭൗതിക-സാംസ്ക്കാരിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നു.

8. അന്തരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നു.

## അവസ്ഥാപഠനം - മേഖലകൾ

പാഠ്യപദ്ധതി വിനിമയം

മേഖല : സർഗ്ഗാത്മക കഴിവുകളുടെ വികസനം.

| | | |
|---|---|---|
| നാടക | കളരി | വായ്ത്താരികൾ |
| റോൾപ്ലേ പതിപ്പുകൾ | | |
| കഥ പറയിപ്പിക്കൽ | കഥയരങ് | |

## പഠനാന്തരീക്ഷം

കുട്ടികളുടെ സമഗ്രമായ വികസനത്തിനുപകരിക്കുന്ന പഠനാന്തരീക്ഷമാണ് വിദ്യാലയത്തിൽ

ഒരുക്കിയിരിക്കുന്നത്.

* നൂതന ICT സാധ്യതകൾ ഉപയോഗിച്ച് ക്ലാസ് റൂം പ്രവർത്തനങ്ങ മെച്ചപ്പെടുത്തുന്നു.

* കുട്ടികൾക്കും രക്ഷിതാക്കൾക്കും കുട്ടികളുടെ മികച്ച പ്രവർത്തനക്കൾ കണ്ട് ആസ്വദിക്കാൻ അവസരം ഒരുക്കുന്നു.

* എല്ലാ വിഭാഗം കുട്ടി കളെയും , ആൺ പെൺ വ്യത്യാസമില്ലാതെ ഉൾക്കൊള്ളുന്ന പഠനാന്തരീക്ഷമാണ് വിദ്യാലയത്തിലുള്ളത്.

* കുട്ടികൾ നേടേണ്ട ശേഷികൾക്കുനുസ്യതമായ പഠനോപകരണങ്ങ ൾ ക്ലാസുമുറികളിൽ ഒരുക്കുന്നു.

* ICT സാധ്യതകൾ ഉപയോഗിക്കുന്നു.

*അധ്യാപക-വിദ്യാർത്ഥികൾ തമ്മിൽ നല്ല ബന്ധം പുലർത്തുന്നു.

* ഭവന സന്ദർശനം നടത്തി കുട്ടികളുടെ വീട്ടിലെ സാഹചര്യങ്ങൾ മനസ്സിലാക്കുന്നു.

* കുട്ടികളിൽ കായിക അഭിവ്യദ്ധി കൈവരിക്കുന്നതിനാവശ്യമായ കളിസ്ഥലം നവീകരിച്ചിട്ടുണ്ട്.

* Sports Kit ലെ ഉപകരണങ്ങൾ ഉപയോഗപെടുത്തുന്നു.

* കായിക പരിശീലനത്തിലൂടെ കായിക വികാസം സാധ്യമാകുന്നു. ഉദാ: യോഗ പരിശീലനം

## സാമൂഹ്യ ഇടപെടലുകൾ

* വിദ്യാലയ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും വിദ്യാലയത്തെ ഗതിയിലേക്ക് നയിക്കാനും സാമൂഹിക ഇടപെടലുകൾ കൂടിയേ തീരൂ.. ഇതിന്റെ ഭാഗമായി എല്ലാ മാസവും ക്ലാസ് PTA സംഘടിപ്പിക്കുന്നു.

* Class PTA യിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്ക് corner PTA രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് ചേരുന്നു.

* ഓരോ Term ലും SMC യോഗങ്ങൾ ചേർന്ന് വിദ്യാലയ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

* എല്ലാ മാസവും PTA, MPTA യോഗങ്ങൾ ചേരുന്നു.

* നേരിട്ടുള്ള പഠനാനുഭവങ്ങൾ ലഭിക്കുന്നതിനായി പൊതുസ്ഥലങ്ങൾ, സ്ഥാപനങ്ങൾ, സന്ദർശിക്കുന്നു.

* തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായം ഉറപ്പാക്കുന്നു.

* വാർഷികാഘോഷങ്ങളിൽ പൂർവ്വ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു

## അധ്യാപകർ

പാഠ്യപദ്ധതിക്ക് അനുസൃതമായി പഠന പ്രവർത്തനങ്ങൾ അസൂത്രണം ചെയ്യാനും അത് നടപ്പിലാക്കാനും അധ്യാപകർ നിരന്തരം പരിശ്രമിക്കുന്നു.

* കുട്ടികൾക്ക് ഭയമില്ലാതെ സ്വതത്രമായി അധ്യാപകരോട് ഇടപ്പെടാനുള്ള അവസരം ഒരുക്കുന്നു.

* പാഠ്യേതര വിഷയങ്ങൾക്കും പുറമെ സർഗ്ഗാത്മകവും കലാ, കായിക പരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നു.

* എല്ലാ അധ്യാപകരും കുട്ടികളുടെ ഭവനങ്ങൾസന്ദർശിച്ച് വേണ്ട പഠന പിന്തുണ നൽകുന്നു.

* അധ്യാപകരും - രക്ഷിതാക്കളും തമ്മിൽ സൗഹൃദാന്തരീക്ഷം വളർത്തുന്നു.

## ഭൗതിക സാഹചര്യം

വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമായി മാറുന്നതിന് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്.
* പരിസ്ഥിതി സൗഹൃദ വിദ്യാലയാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി വിദ്യാലയത്തിൽ ജൈവവൈവിധ്യ പാർക്ക്, ഔഷധസസ്യോദ്യാനം,

പൂന്തോട്ടം,പരിസരംആകർഷകമാക്കൽ,പാർക്ക്എന്നിവ വിപുലപ്പെടുത്തുന്നു.

* കുട്ടികളിൽ കായികാഭിവൃദ്ധി കൈവരിക്കുന്നതിനായി കളിസ്ഥലം മണ്ണിട്ട് നികത്തി മോടി കൂട്ടുന്നു.

* കായിക പരിശീലനങ്ങൾ നടത്തുന്നു

* സ്പോട്സ്കിപ്പ് വിപുലപ്പെടുത്തുന്നു

* പ്രാദേശിക വ്യക്തികളുടെ സഹായത്തോടെ പരിശീലനം

* കുട്ടികളുടെ എണ്ണത്തിനനുസൃതമായ ശുചിമുറികൾ ഉറപ്പാക്കുന്നു

* വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും കുടിക്കുവാൻ ചൂടുവെള്ളം കിട്ടുന്നതിന് ഉള്ള സൗകര്യം ഒരുക്കുന്നു.

* ശുചിമുറി, ഊട്ടുമുറി, പാചക പുര, കളിസ്ഥലം, പാർക്ക്, പാർക്കിംഗ് ഏരിയ ഇവ വൃത്തിയായി സൂക്ഷിക്കുന്നു.

* വിദ്യാലയത്തിന്റെ ഭിത്തികളിലും ചുറ്റുമതിലിലും പഠന മൂല്യമുള്ള ചിത്രങ്ങൾ കൊണ്ട് ആകർഷകമാക്കുന്നു.

* ഗതാഗത സൗകര്യം ഉറപ്പാക്കുന്നു

## <u>വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ</u>

ഞങ്ങളുടെ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ആധുനിക പഠന സജ്ജീകരണങ്ങൾ ഇനിയും ആവശ്യമാണ്. സാമ്പത്തികാവസ്ഥയിൽ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്ന് വന്നു ചേരുന്ന കുട്ടികളുടെ സാമ്പത്തിക ചെലവും വിദ്യാലയം തന്നെ എറ്റെടുക്കേണ്ടി വരുന്ന അവസ്ഥയുണ്ട്. കുട്ടികൾക്കായി വിശാലമായ കളിസ്ഥലമുണ്ടെങ്കിലും അത് വേണ്ട വിധത്തിൽ ക്രമീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. പരീശിലകന്റെയും

കളിയുപകരണങ്ങളുടെയും അപര്യാപ്തത കായിക വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു.

ഡിജിറ്റൽ ക്ലാസ് മുറികൾ ഓരോ ക്ലാസുകൾക്കായി സജ്ജമാക്കണം. ഭക്ഷണമുറി വിപുലപ്പെടുത്തണം.

ലൈബ്രറി പുസ്തകകൾ ക്രമീകരിക്കുന്നതിനുള്ള ഷെൽഫ് എന്നിവ ആവശ്യമായുണ്ട്. ജൈവ വൈവിധ്യ പാർക്ക് പച്ചക്കറി തോട്ടം, പൂന്തോട്ടം , എന്നിവ വികസിപ്പിക്കേണ്ടതായുണ്ട്.

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പുതുതലമുറ നിത്യജീവിതത്തിൽ പ്രായോഗിക ബുദ്ധിയോടും സാമൂഹിക ബോധത്തോടും കൂടി വളരുന്നതിലേക്കായി വിദ്യാർത്ഥികളെ പ്രാപ്തരാക്കുക | 1. ലഹരി ഉപയോഗങ്ങൾക്ക് എതിരെ നാം നിലകൊള്ളണം എന്ന ചിന്താ പകർന്ന് നൽകിക്കൊണ്ട് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുംബോധവൽ ക്കരണ ക്ലാസ്.<br><br>2. റോഡ് നിയമങ്ങൾ മനുഷ്യന്റെ നന്മയ്ക്കായി ഉണ്ടാക്കിയിട്ടുള്ളതാണെന്നും അവ നാം പാലിക്കേണ്ടത് അത്യാവശ്യം ആണെന്നുമുള്ള ധാരണ ക്ലാസു കളിലൂടെയും വീഡിയോ പ്രദർശനങ്ങളി ലൂടെയും കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക.<br><br>3. വ്യക്തി ശുചിത്വം ഹരിത ക്യാമ്പസ്ഫുൾ സൗന്ദര്യവൽക്കരണം,വൃക്ഷത്തൈകൾനട്ടുപിടിപ്പിക്കുക തുടങ്ങിയ വിഷയങ്ങളിൽ<br><br>ബോധവൽക്കരണം നടത്തുന്ന | ജൂൺ | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| | തിന്റെ ഭാഗമായി പരിസ്ഥിതി ദിനത്തിൽ വിവിധ പരിപാടികൾ നടത്തി കുട്ടികളിൽ അവബോധം സൃഷ്ടിക്കുക.<br><br>4.പരിസര ശുചിത്വം പ്ലാസ്റ്റിക്കിന്റെ ഗുണവും ദോഷവും എന്നതിനെ അടിസ്ഥാനമാക്കി ക്ലാസുകൾ സംഘടിപ്പിക്കുക<br><br>5.ഡിജിറ്റൽ അവയർനസ് സിപിആർ എന്നീ വിഷയങ്ങളെ ആധാരമാക്കി വീഡിയോ പ്രദർ ശനവും ക്ലാസും നടത്തുക<br><br>6.കുട്ടികളിൽ ആരോഗ്യവും ഉന്മേഷവുംവർദ്ധിപ്പിക്കുവാൻ പ്രവർത്തനങ്ങൾ ആയ സുംബാ ഡാൻസ് മാസ്സ് ഡ്രിൽ തുടങ്ങിയവ നടത്തുക. | ജൂൺ | |

# പരിഹാര ബോധനത്തിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

**ആമുഖം** :- സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ അധ്യയന വർഷത്തിൽ പഠിക്കുന്ന മുഴുവൻ കുട്ടികളെയും ഉള്‍കൊള്ളുന്നതും തുല്യതയും ഗുണനിലവാരവും ഉള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ മാർഗരേഖ .

കുട്ടികളിലുള്ള പഠനവിടവുകൾ നികത്തുക , പഠന പ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക ,സ്വയം ഏറ്റെടുക്കൽ മനോഭാവം വളർത്തുക ,സ്വയം വിലയിരുത്തൽ പരസ്പരം വിലയിരുത്തൽ ,പഠനപ്രവർത്തനങ്ങളിൽ രെക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾകൊള്ളുന്നു

## ലക്ഷ്യം

- വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും പ്രത്യേകിച്ച് പഠനത്തിൽ പിന്നോക്കകാരായ കുട്ടികൾക്ക് മലയാളം ഗണിതം ഇംഗ്ലീഷ് വിഷയങ്ങളിൽ അടിസ്ഥാന പഠനം നൽകി സാമാന്യ നിലവാരത്തിലെത്തിച്ച വിദ്യാലയത്തിലെ നൂറു ശതമാനം കുട്ടികൾക്കും എഴുതാനും വായിക്കാനും ഗണിത ക്രിയകൾ ചെയ്യുവാനും കഴിവ് ഉണ്ടാക്കുക

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- |
| പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിന് പ്രീ ടെസ്റ്റ് നടത്തുന്നതിന് എസ്. ആർ . ജി യോഗം കൂടുന്നു | ജൂൺ | എസ്. ആർ. ജി കൺവീനർ |
| പ്രീ ടെസ്റ്റ് നടത്തൽ | ജൂൺ | ക്ലാസ് ടീച്ചർ |
| കണ്ടെത്തിയ കുട്ടികളെ പരിശീലിപ്പിക്കുന്നതിനു പ്രത്യേക പഠന പദ്ധതി തയ്യാറാക്കൽ | | ക്ലാസ് ടീച്ചർ |
| പഠന പദ്ധതി നടപ്പിലാക്കൽ<br>മലയാളം , ഗണിതം ഇംഗ്ലീഷ് വിഷയങ്ങളിൽ അടിസ്ഥാന ശേഷി കൈവരിക്കൽ | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ |
| പ്രത്യേകസഹായം ആവശ്യമുള്ള കുട്ടികൾക്ക് എല്ലാ ദിവസവും സമയം കണ്ടെത്തി മലയാളം ഗണിതം, ഇംഗ്ലീഷ് വിഷയ ങ്ങളിൽ പ്രത്യേക പരിശീലനം നൽകൽ .<br>സമയം 1.30 - 2.00 , 3.30 - 4.00 | ജൂലൈ - ഡിസംബർ | ക്ലാസ് ടീച്ചർ |

| | | |
|---|---|---|
| നടപ്പിലാക്കിയവ നേടിയോ എന്ന പരിശോധന | ജനുവരി - മാർച്ച് | ക്ലാസ് ടീച്ചർ<br>ഹെഡ്മിസ്ട്രസ് |
| പുരോഗതി വിലയിരുത്തുന്നതിനായി രക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കൽ | ജനുവരി - മാർച്ച് | ക്ലാസ് പി ടി എ<br>ക്ലാസ് ടീച്ചർ |
| പോസ്റ്റ്ടെസ്റ്റ് നടത്തി വിലയിരുത്തൽ | മാർച്ച് | ഹെഡ്മിസ്ട്രസ് |

## ലക്ഷ്യം: ലാബ് , ലൈബ്രറി സജ്ജീകരണം

വായനപരിപോഷണം ക്ലാസ് ലൈബ്രറി നവീകരിച്ചും ആകർഷകമായ പ്രവർത്തങ്ങൾ കാഴ്ച്ചവെച്ചും കുട്ടികളെ വായനയിലേക്ക് അടുപ്പിക്കുന്നതിന് .

കണ്ടും കേട്ടും തൊട്ടും അറിഞ്ഞും അറിവ് നിർമാണ പ്രക്രിയകളിൽ പങ്കാളികളായി ശാസ്ത്രീയ അവബോധം വളർത്തുന്നതിന് ,

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| ക്ലാസ് ലൈബ്രറി സജ്ജീകരണം<br>സ്കൂൾ ലൈബ്രറിലെയും കുട്ടികൾ കൊണ്ടുവന്ന പുസ്തകങ്ങളും ഉപയോഗിച്ചു ക്ലാസ്സിൽ വായനമൂല സജ്ജമാക്കുന്നു . | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ |
| ഗണിത ലാബ് സജ്ജമാക്കൽ<br>അടിസ്ഥാന ഗണിതാശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നതിനായി കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെഴുകാൻ കഴിയുന്ന തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ | ജൂലൈ-ഡിസംബർ | ക്ലാസ് ടീച്ചർ<br>ഹെഡ്മിസ്ട്രസ് |
| എല്ലാ കുട്ടികൾക്കും പഠന നേട്ടങ്ങൾക്കനുയോജ്യമായ ഐസിടി ആക്ടിവിറ്റീസ് ചെയ്യുവാൻ ഐസിടി ലാബിലൂടെ അവസരം ഒരുക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| സയൻസ് ലാബ് :- ഓരോ ക്ലാസ്സിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ സംഘടിപ്പിക്കൽ. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |

# ഉപസംഹാരം

ഈ അധ്യയന വർഷത്തിൽ വിദ്യാലയത്തിന്റെ വിജയപരാജയങ്ങളെ വിലയിരുത്തി മുന്നോട്ടു കുതിക്കാൻ ഈ അപഗ്രഥനം ഏറെ സഹായകരമാണ്. എച്ച് എം അധ്യാപകർ പിടിഎ ക്ലാസ് പിടിഎ എം പി ടി എ എന്നിവയുടെ സംഘടിതമായ ഒത്തുചേരലും പ്രവർത്തനങ്ങളും വിദ്യാലയത്തെ ഉയർച്ചയിലേക്ക് നയിക്കും എന്നതിൽ സംശയമില്ല. അതിനാൽ ഈ മുന്നൊരുക്കങ്ങൾ ഈ ഈ അധ്യയന വർഷത്തെ ഫലസമൃദ്ധമാക്കട്ടെ എന്ന് ആശംസിക്കുന്നു.